**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1508** **30-08-2022 - ൽ മറുപടിയ്ക്ക്**

**പെരുന്തിരുത്തി വാടിക്കൽ തൂക്കുപാലം അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തവനൂർ മണ്ഡലത്തിലെ പുറത്തൂർ-മംഗലം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പെരുന്തിരുത്തി വാടിക്കൽ തൂക്കുപാലം അറ്റകുറ്റപ്പണി നടത്തുന്നതിനായി ഏതെങ്കിലും പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | തിരൂർ താലൂക്കിൽ മംഗലം വില്ലേജിലെ പെരുന്തിരുത്തി വാടിക്കൽ തൂക്കു പാലം കൈവരികളും മറ്റും തകർന്ന അവസ്ഥയിലാണെന്നും പാലം അടിയന്തിരമായി അറ്റകുറ്റ പണി നടത്തുന്നതിനായി 67,31,000 രൂപ (അറുപത്തിയേഴ് ലക്ഷത്തി മുപ്പത്തി ഒന്നായിരം രൂപ മാത്രം )ചെലവ് വരുന്ന എസ്റ്റിമേറ്റ് ജില്ലാ പഞ്ചായത്തു എക്സിക്യൂട്ടിവ് എൻജിനീയർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർ ദുരന്ത നിവാരണ വകുപ്പിലേയ്ക്ക് അപേക്ഷിച്ചിരുന്നു . എന്നാൽ തൂക്കു പാലങ്ങളുടെ അറ്റകുറ്റ പണികൾക്കു സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ തൂക്കു പാലങ്ങളുടെ അറ്റകുറ്റ പണികളുടെ ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നിർവഹിക്കേണ്ടതാണെന്ന് ജില്ലാ കളക്ടറെ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പെരുന്തിരുത്തി വാടിക്കടവ് തൂക്കു പാലത്തിന്റെ അറ്റകുറ്റപ്പണി മംഗലം, പുറത്തൂർ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നിർവ്വഹിക്കുന്നതിനും പ്രസ്തുത പ്രവൃത്തി തിരൂർ ബ്ലോക്ക് സെക്രട്ടറി മേൽനോട്ടം വഹിക്കുന്നതിനും മലപ്പുറം ജില്ലാ കളക്ടർ അറ്റകുറ്റ പണികൾ വിലയിരുത്താനും നിർദേശിച്ചിട്ടുണ്ട് . |
| (ബി) | എങ്കിൽ ആയതിന്റെ നടപടി ഏതുഘട്ടം വരെയായി എന്ന് വിശദമാക്കാമോ? | (ബി) | തിരൂർ താലൂക്കിൽ മംഗലം വില്ലേജിലെ പെരുന്തിരുത്തി വാടിക്കൽ തൂക്കു പാലം കൈവരികളും മറ്റും തകർന്ന അവസ്ഥയിലാണെന്നും പാലം അടിയന്തിരമായി അറ്റകുറ്റ പണി നടത്തുന്നതിനായി 67,31,000 രൂപ (അറുപത്തിയേഴ് ലക്ഷത്തി മുപ്പത്തി ഒന്നായിരം രൂപ മാത്രം )ചെലവ് വരുന്ന എസ്റ്റിമേറ്റ് ജില്ലാ പഞ്ചായത്തു എക്സിക്യൂട്ടിവ് എൻജിനീയർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിന് മലപ്പുറം ജില്ലാ |

| | | | |
|---|---|---|---|
| | | | കളക്ടർ ദുരന്ത നിവാരണ വകുപ്പിലേയ്ക്ക് അപേക്ഷിച്ചിരുന്നു . എന്നാൽ തൂക്കു പാലങ്ങളുടെ അറ്റകുറ്റ പണികൾക്കു സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ തൂക്കു പാലങ്ങളുടെ അറ്റകുറ്റ പണികളുടെ ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നിർവഹിക്കേണ്ടതാണെന്ന് ജില്ലാ കളക്ടറെ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പെരുന്തിരുത്തി വാടിക്കടവ് തൂക്കു പാലത്തിന്റെ അറ്റകുറ്റപ്പണി മംഗലം, പുറത്തൂർ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നിർവ്വഹിക്കുന്നതിനും പ്രസ്തുത പ്രവൃത്തി തിരൂർ ബ്ലോക്ക് സെക്രട്ടറി മേൽനോട്ടം വഹിക്കുന്നതിനും മലപ്പുറം ജില്ലാ കളക്ടർ അറ്റകുറ്റ പണികൾ വിലയിരുത്താനും നിർദേശിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ